# വചന വിചിന്തനം

## ശ്ലീവക്കാലം മൂന്നാം ഞായർ

മത്താ 15,21-28

> ***ജന്മദോഷത്തെ കർമ്മപുണ്യങ്ങൾക്കൊണ്ട് ജയിക്കുന്നവർ സ്വർഗ്ഗരാജ്യം വെട്ടിപിടിക്കും!***

വിശ്വാസത്തിന്റെ വലിയ പരീക്ഷ ജയിച്ചവൽ വലിയ അനുഗ്രഹം സ്വന്തമാക്കി. "നീ ആഗ്രഹിക്കുന്നതു പോലെ നിനക്ക് ഭവിക്കട്ടെ!" (മത്താ 15,28).

സുന്ദരിയായ എയർഹോസ്റ്റസ് സസ്യ ഭക്ഷണപൊതി ആണോ സസ്യേതര ഭക്ഷണപൊതി ആണോ വേണ്ടത് എന്ന് അറിയുവാൻ ആ മദർ തെരേസയുടെ മുമ്പിൽ പുഞ്ചിരി തൂകി നിന്നു, ആ വിമാനത്തിലെ ഏറ്റവും പ്രധാന യാത്രക്കാരി ആ വൃദ്ധ ആണ് എന്നറിഞ്ഞു കൊണ്ട് തന്നെ.

"ഞാൻ ഈ ഭക്ഷണം വേണ്ട എന്ന് വെച്ചാൽ എനിക്ക് നിങ്ങൾ എത്ര പണം മടക്കി നൽകും?"

ദുർബലമായ ശബ്ദത്തിൽ ഉയർന്ന ചോദ്യത്തിന് മുമ്പിൽ ഒന്ന് പകച്ചു എങ്കിലും പൈലറ്റിനോട് ചോദിച്ചിട്ട് പറയാം എന്നുള്ള മറുപടിയുമായി അവൾ പോയി. മെക്സിക്കോ സിറ്റിയിലേക്ക പറക്കുന്ന ടാക്കോ എയർലൈൻസ് വിമാനത്തിലാണ് സംഭവം. എയർഹോസ്റ്റസ് തിരിച്ച് വന്നുപറഞ്ഞു,

"ഭക്ഷണം വേണ്ട എന്ന് വച്ചാൽ ഒരു ഡോളർ ലഭിക്കും."

"എനിക്ക് ഭക്ഷണം വേണ്ട, ഒരു ഡോളർ തരൂ," പാവങ്ങളുടെ അമ്മ യാചകിയെ പോലെ കൈകൾ നീട്ടി , ഇതിനോടകം മദർ തെരേസയെ തിരിച്ചറിഞ്ഞ 129 യാത്രക്കാരും തങ്ങൾക്ക് ഭക്ഷണം വേണ്ട പണം അമ്മയ്ക്ക് നൽകൂ എന്ന് ആവശ്യപ്പെട്ടു.

വിമാനം ലാൻഡ് ചെയ്തപ്പോൾ മദർ തെരേസ ആ എയർ ഹോസ്ററസിനോട് ചോദിച്ചു,

"ആ ഭക്ഷണപ്പൊതികൾ നിങ്ങൾ എന്ത് ചെയ്യാൻ പോകുന്നു?"

എയർഹോസ്റ്റസ് പറഞ്ഞു,

"അത് ഇനി കളയുകയെ ഉള്ളൂ."

അത് ഇനി കളയുകയെ ഉള്ളൂ എന്ന് മറുപടി പറഞ്ഞ പൈലറ്റിനോട് "അവ എനിക്ക് തന്നു കൂടെ" എന്ന് അമ്മ ചോദിച്ചു. ഭക്ഷണപ്പൊതികൾ അമ്മയ്ക്ക് നൽകാൻ സന്തോഷപൂർവ്വം അനുവാദം കൊടുത്ത അയാളോട് അമ്മ അടുത്ത ആവശ്യം ഉന്നയിച്ചു,

"എനിക്ക് നിങ്ങളുടെ ഒരു ട്രക്ക് കൂടി തരണം."

വിമാന കമ്പനിയുടെ ട്രക്കിൽ തന്നെ ആ ഭക്ഷണപ്പൊതികൾ കയറ്റി സ്വയം ഡ്രൈവ് ചെയ്തു നഗരത്തിലെ ചേരി പ്രദേശത്തേക്ക് അഗതികളുടെ അമ്മ യാത്ര ആരംഭിച്ചു. സമയത്തും അസമയത്തും തന്റെ ശ്രദ്ധയും ലക്ഷ്യവും ഒന്ന് മാത്രം ആയിരുന്നു, പാവങ്ങളും അവരുടെ വിശപ്പും.

ഇത് നമ്മുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പാവങ്ങളുടെ അമ്മ എന്നും ജീവിക്കുന്ന വിശുദ്ധ എന്നും പേർ കേട്ട മദർ തെരേസയുടെ ജീവിത്തിൽ നിന്നാണെങ്കിൽ

ഇന്ന് നാം വായിച്ച് കേട്ട വചനഭാഗം കാനാൻകാരി സ്ത്രീയുടെ വിശ്വാസത്തെ കുറിച്ചാണ്. ഇവിടെ കാനാൻകാരി സ്ത്രീയും മദർതെരേസയും പഠിപ്പിക്കുന്നതും പറഞ്ഞ് തരുന്നതും ഒന്നു തന്നെയാണ്;

"ആവശ്യക്കാരന് ഔചിത്യമില്ല!"

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഈശോയുടെ സമകാലികയായി ജീവിച്ചിരുന്ന വ്യക്തിയാണ് കാനാൻകാരി സ്ത്രിയും അവളുടെ മകളും. കാനാൻകാരി സ്ത്രീ ഏതെങ്കിലും രാജ്യകുടുംബത്തിൽ പിറന്നതുകൊണ്ടൊ, സമൂഹത്തിൽ ഏതെങ്കിലും വിധത്തിൽ ഉന്നതമായ സ്ഥാനം അലംകരിച്ചതുകൊണ്ടോ അല്ല അവളെ ഇന്നും ജനലക്ഷങ്ങൾ ഓർക്കുന്നത്. കാലം ഏറെ കഴിഞ്ഞിട്ടും ജനലക്ഷങ്ങൾ അവളെ ഇന്നും ഓർക്കുന്നുണ്ടെങ്കിൽ കാരണം ഒന്നു മാത്രം; "അവളുടെ വിശ്വാസം." ഒരിക്കൽ പോലും കാനാൻകാരി സ്ത്രീയുടെയോ അവളുടെ മകളുടെയോ ഒരു ചിത്രം പോലും നാം കണ്ടിട്ടില്ല. എന്നിട്ടും, അവരെ കുറിച്ച് പ്രസംഗിക്കുന്നു... ധ്യാനിക്കുന്നു... എഴുതുന്നു... കാനാൻകാരി സ്ത്രീയെയും അവളുടെ മകളെയും ഒരു കണ്ണാടിയിലെന്നവണ്ണം മുന്നിൽ വച്ച് നമ്മുടെ വിശ്വാസത്തിന്റെ മാറ്റ് നാം അളന്ന് നോക്കുന്നു. കാരണം, "അവളുടെ വിശ്വാസം മലയെ മാറ്റാൻ പാകത്തിന് ശക്തമായിരുന്നു!" ഇവിടെയാണ് കർത്താവ് പഠിപ്പിക്കുന്ന മലയെ മാറ്റുന്ന വിശ്വാസത്തിന്റെ ശക്തി പ്രകടമാകുന്നത്.

"നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്, ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്ക് യാതൊന്നും അസാധ്യമായിരിക്കുകയില്ല" (മത്താ 17,20 - 21).

"മല" എന്നു പറയുന്നത് ഒരു വ്യക്തി അനുഭവിക്കുന്ന നൊമ്പരങ്ങളുടെയും കഷ്ടപാടുകളുടെയും കണ്ണുനീരിന്റെയും പ്രതീകമാണ്. മല എപ്പോഴും തടസവും പ്രതിബന്ധവുമാണ്. ഈ പ്രതിബന്ധത്തെ അതിജീവിക്കാൻ അടിസ്ഥാനപരമായി നാം സ്വന്തമാക്കേണ്ട നൻമയെ കുറിച്ചാണ് കർത്താവ് പഠിപ്പിക്കുന്നത്. ആ നന്മയുടെ പേരാണ് "വിശ്വാസം!"

അനുഗ്രഹിക്കുകയും ആശ്വാസിപ്പിക്കുകയും ചെയ്യുമെന്ന് കരുതിയ കർത്താവ് വാതിൽ കൊട്ടിയടച്ചിട്ടും അവൾ അസ്വസ്ഥയായില്ല! കാരണം, അവളുടെ വിശ്വാസം തന്നെ.

"യേശു പറഞ്ഞു: സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ" (മത്താ 15,28).

കാനാൻകാരി സ്ത്രീയുടെ ജനനം വിജാതീയ വംശത്തിലാണ്. കർത്താവിൽ നിന്ന് ഒരു അനുഗ്രഹവും സ്വന്തമാക്കാൻ അവകാശമില്ലാത്തവളായിരുന്നു കാനാൻകാരി സ്ത്രീ. എന്നിട്ടും, ആവശ്യക്കാരന് ഔചിത്യമില്ല എന്നു പറയുന്നതു പോലെ അവൾ പട്ടിയെ പോലെ തനിക്കും തന്റെ കുടുംബത്തിനും സൗഖ്യം സമ്മാനിക്കാൻ കഴിവുള്ള ക്രിസ്തുവിന്റെ പിന്നാലെ അനുഗ്രവും തേടി അലയുന്നു. രണ്ട് ബോധ്യങ്ങൾ കാനാൻകാരി സ്ത്രീ ഇന്ന് തിരുസഭാതനയർക്ക് സമ്മാനിക്കുന്നുണ്ട്.

1. അനുഗ്രഹങ്ങളും അൽഭുതങ്ങളും തേടി അലഞ്ഞത്തേണ്ട ഇടം ക്രിസ്തുവിന്റെ സമക്ഷമാണ്.

2. അനുഗ്രഹങ്ങൾക്ക് വിഘാതമായി നിൽക്കുന്ന ഒരുപാട് തടസങ്ങൾ നിങ്ങൾക്കുണ്ടാകാം. എന്നാൽ, ആ വിഘാതങ്ങളെ വിശ്വാസം കൊണ്ട് അതിജീവിക്കാൻ സാധിക്കണം. ചുരുക്കത്തിൽ, ജന്മദോഷത്തെ കർമ്മപുണ്യം കൊണ്ട് അതിജീവിക്കണമെന്ന്.

ജന്മദോഷത്തെ കർമ്മപുണ്യം കൊണ്ട് അതിജീവിച്ച ഒരുപാട് നല്ല വ്യക്തികളെ സമൂഹത്തിൽ ദർശിക്കാം. ആദരണിയനായ ഡോ. എ.പി.ജെ അബ്ദുൾ കലാം. ഒന്നുമില്ലാത്തവനായ് ജനിച്ചവനാണ്. കടൽതീരത്ത് കപ്പലണ്ടിയും ന്യൂസ് പേപ്പറും വിറ്റ്

ജീവിതം തുടങ്ങിയവനാണ്. എന്നാൽ, തന്റെ ജീവിത നിയോഗം ഇതല്ല എന്ന് തിരിച്ചറിഞ്ഞ ഡോ. എ.പി.ജെ അബ്ദുൾ കലാം ലോകത്തിന്റെ 'മിസ്സൈൽ മനുഷ്യ'നായത് തന്റെ സ്വപ്നങ്ങൾക്ക് മിസ്സെയിലിന്റെ അത്രയ്ക്ക് വലുപ്പവും ഉയരവും കഠിനദ്ധ്വാനവും സമ്മാനിച്ചതു കൊണ്ടാണ്.

ഡോ. അംബേദ്കർ: ഭാരതത്തിന്റെ ഭരണഘടനാ ശിൽപ്പി. ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ശക്തമായ ഭരണഘടന സ്വന്തമാക്കിയ രാജ്യമാണ് ഭാരതം. ഇത്രയും ശക്തമായ ഭരണഘടന ഭാരതത്തിന് സമ്മാനിച്ചത് താഴ്ന്ന കുലത്തിൽ ജനിച്ച് ജീവിച്ച ഡോ. അംബേദ്കർ ആണ്. ജന്മദോഷത്തെ കർമ്മപുണ്യം കൊണ്ട് അതിജീവിക്കാൻ അംബേദ്കർ കാണിച്ച തീക്ഷ്ണത മാതൃകാപരമാണ്. ഡോ. കെ.ആർ നാരായണൻ, ഭാരതത്തിന്റെ പ്രഥമ പൗരൻമാരിൽ ഒരാളായിരുന്നു. കേരളത്തിൽ കോട്ടയത്തിനടുത്ത് ഉഴവൂരിൽ താഴ്ന്ന കുലത്തിൽ (ഈഴവൻ) ജനിച്ച ഡോ. കെ.ആ നാരായണൻ ഇന്ത്യൻ പ്രസിഡന്റായി ഭാരതത്തെ അലംകരിച്ചുവെങ്കിൽ ജന്മദോഷത്തെ കർമ്മപുണ്യം കൊണ്ട് അതിജീവിച്ച ഒരുപാട് കഥകളും ഡോ.കെ.ആർ നാരായണന് പങ്കുവയ്ക്കാനുണ്ട്.

കാനാൻകാരി സ്ത്രീയുടെ മുമ്പിൽ ദൈവം ശത്രുപക്ഷത്ത് എന്നതു പോലെയാണ് നിൽക്കുന്നത്. "കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ, ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ!" ശിഷ്യൻമാർ അവൾക്ക് വേണ്ടി മാദ്ധ്യസ്ഥം യാജിക്കുന്നു, "അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ." ഇത് കേൾക്കുന്ന ക്രിസ്തു അവരെ നിരുത്സാഹപ്പെടുത്തുന്നു, "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്." പക്ഷെ, അവൾ അവളുടെ വിശ്വാസത്തിന്റെ വലുപ്പം കാണുന്ന കർത്താവ് അവൾക്ക് അനുഗ്രഹം സമ്മാനിക്കുന്നു.

*ശിഷ്യർ ശല്ല്യമായ് വന്നവളെ*
*ഒഴിവാക്കാൻ*
*പരിശ്രമിക്കുമ്പോൾ*
*കർത്താവ്*
*അവളോട് കാണിക്കുന്നത്*
*കാരുണ്യമാണ്.*
*നന്മ കാരുണ്യമായ്*
*ഒഴുകണം!*

ദൈവം പലപ്പോഴും ശത്രുപക്ഷത്ത് നിൽക്കുന്ന സംഭവങ്ങൾ തിരുവചനങ്ങളിൽ ദർശ്ശിക്കാവുന്നതാണ്. യാക്കോബിന്റെ യാത്രയിൽ രാത്രി മുഴുവൻ ദൈവം യാക്കോബുമായി മൽപിടുത്തം നടത്തുന്നു (ഉൽപ്പ 32,22-31). പക്ഷെ, അവസാനം യാക്കോബിനെ അനുഗ്രഹിച്ച് അയക്കുന്ന കർത്താവിനെയാണ് വചനം അവതരിപ്പിക്കുന്നത്. വിശ്വാസികളുടെ പിതാവാകാൻ തിരഞ്ഞെടുത്ത അബ്രാഹത്തിനും സാറയ്ക്കും മുമ്പിൽ കുഞ്ഞുങ്ങളെ സമ്മാനിക്കാകെ ദൈവം ശത്രുപക്ഷത്ത് എന്നതു പോലെ നിലയുറപ്പിക്കുന്നുണ്ട്. അവസാനം, നൽകിയ കുഞ്ഞിനെ ബലിയർപ്പിക്കാൻ ആവശ്യപ്പെടുമ്പോഴും ദൈവം ശത്രുപക്ഷത്ത് തന്നെയാണ് നിൽക്കുന്നത് എന്ന് തോന്നിപോകും. ഇവിടെയെല്ലാം, ദൈവം വിശ്വാസം പരീക്ഷിക്കുകയാണ്. അതിൽ വിജയിക്കുന്നവരെ ദൈവം കാനാൻകാരി സ്ത്രീയെ എന്നതുപോലെ അനുഗ്രഹിക്കുന്നു. യേശു പറഞ്ഞു: സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ.

***"നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോട്,***
***ഇവിടെ നിന്നു മാറി മറ്റൊരു സ്ഥലത്തേക്കു പോവുക,***
***എന്നു പറഞ്ഞാൽ അതു മാറിപ്പോകും.***
***നിങ്ങൾക്ക്യാതൊന്നും അസാധ്യമായിരിക്കുകയില്ല"***

മത്താ 17,20-21

.............................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931